**15 -ാം കേരള നിയമസഭ**

**5 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 2211** **06-07-2022 - ൽ മറുപടിയ്ക്ക്**

**കാഞ്ഞിരപ്പള്ളി താലൂക്കിൽ പ്രളയത്തിൽ നശിച്ചുപോയ റേഷൻ സാധനങ്ങൾ**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ഡോ. എൻ. ജയരാജ് | | ശ്രീ ജി ആർ അനിൽ<br>(ഭക്ഷ്യ-പൊതുവിതരണ വകുപ്പ് മന്ത്രി) | |
| (എ) | കാഞ്ഞിരപ്പള്ളി താലൂക്കിൽ 2021 ഒക്ടോബറിലുണ്ടായ പ്രളയത്തിൽ 13 റേഷൻ കടകളിൽ വെള്ളം കയറി റേഷൻ സാധനങ്ങൾ നശിച്ചുപോയതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; | (എ) | ഉണ്ട്. |
| (ബി) | നശിച്ചുപോയ സാധനങ്ങൾക്കുള്ള തുക ലഭിക്കുന്നതിനും സ്റ്റോക്ക് ഇ-പോസിൽ നിന്ന് കുറവ് ചെയ്യുന്നതിനും നടപടി സ്വീകരിക്കണമെന്നാവശ്യപ്പെട്ട് നിവേദനം ലഭിച്ചിട്ടുണ്ടോ; എങ്കിൽ പ്രസ്തുത നിവേദനത്തിന്മേൽ സ്വീകരിച്ച നടപടി എന്താണെന്ന് അറിയിക്കാമോ; | (ബി) | നശിച്ചുപോയ റേഷൻ ധാന്യങ്ങളുടെ സ്റ്റോക്ക് ഇ-പോസിൽ നിന്ന് കുറവ് ചെയ്യുന്നതിനും തുക ലഭ്യമാക്കുന്നതിനും നടപടി സ്വീകരിക്കണമെന്നാവശ്യപ്പെട്ട് നിവേദനം ലഭിച്ചിട്ടുണ്ട്. ആയതിന്മേൽ നടപടി സ്വീകരിച്ചുവരുന്നു. പ്രകൃതി ദുരന്തമോ, മറ്റു അപ്രതീക്ഷിത സംഭവങ്ങൾ കാരണമോ റേഷൻ കട, എൻ.എഫ്.എസ്.എ ഗോഡൗൺ എന്നിവിടങ്ങളിൽ ഉപയോഗയോഗ്യമല്ലാതായിത്തീരുന്ന റേഷൻ സാധനങ്ങൾ എഴുതിത്തള്ളുന്നത് സംബന്ധിച്ച് 06.06.2022ലെ സ.ഉ.(അച്ചടി)നം.3/2022/ ഭ.പൊ.വി.വ-ന്റെ അടിസ്ഥാനത്തിൽ തുടർനടപടി സ്വീകരിക്കുന്നതിന് സിവിൽ സപ്ലൈസ് കമ്മീഷണർക്കും ജില്ലാ/താലൂക്ക് സപ്ലൈ ഓഫീസർമാർക്കും നിർദ്ദേശം നൽകിയിട്ടുണ്ട്. |
| (സി) | സ്റ്റോക്ക് നശിച്ചതിനെ തുടർന്ന് ആരുടെയെങ്കിലും ലൈസൻസ് റദ്ദ് ചെയ്തിട്ടുണ്ടോ; എങ്കിൽ ലൈസൻസ് തിരികെ നൽകുന്നതിന് നടപടി സ്വീകരിച്ചിട്ടുണ്ടോയെന്ന് അറിയിക്കാമോ? | (സി) | ഇല്ല. |

സെക്ഷൻ ഓഫീസർ